0016025

**കേരള സർക്കാർ**

സംഗ്രഹം

റവന്യൂ വകുപ്പ് - വില്ലേജ്/താലൂക്ക്/ആർ.ഡി.ഒ ഓഫീസുകളിൽ നിന്നും നൽകുന്ന സർട്ടിഫിക്കറ്റുകളുടെ സാധുതാ കാലയളവ്- ഇ സർവീസ് മുഖേന നേറ്റിവിറ്റി/ഡൊമിസൈൽ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനുള്ള അപേക്ഷാ ഫോറത്തിൽ നിന്നും 'ഏത് ആവശ്യത്തിനു നൽകുന്നു' എന്ന കോളം ഒഴിവാക്കുന്നതിന് വിവരസാങ്കേതികവിദ്യാ വകുപ്പിന് നിർദ്ദേശം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

28 MAR 2017

===

**റവന്യൂ (റ്റി) വകുപ്പ്**

സ.ഉ (ആർ.റ്റി).1229/2017/റവ. തീയതി, തിരുവനന്തപുരം,20/03/2017.

===

പരാമർശം:- 1) സർക്കാർ ഉത്തരവ്(കയ്യെഴുത്ത്) നമ്പർ 136/07/ആർഡി തീയതി 27/04/2007.
2) സർക്കാർ ഉത്തരവ് (കയ്യെഴുത്ത്) നമ്പർ 351/07/ആർഡി തീയതി 01/10/2007
3) സർക്കാർ ഉത്തരവ്(പി) നമ്പർ 24/2010/വി.സ.വ തീയതി 04/08/2010
4) ലാൻഡ് റവന്യൂ കമ്മീഷണറുടെ 07/09/2015 തീയതിയിലെ എൽ.ആർ.എ 6-20517/15 നമ്പർ കത്ത്.

**ഉത്തരവ്**

വില്ലേജ്/താലൂക്ക്/ആർ.ഡി.ഒ ഓഫീസുകളിൽ നിന്നും നൽകുന്ന സർട്ടിഫിക്കറ്റുകളുടെ സാധുതാ കാലയളവ് നിശ്ചയിച്ച് പുറപ്പെടുവിച്ചിട്ടുള്ള പരാമർശം (1), (2) സർക്കാർ ഉത്തരവ് പ്രകാരം നേറ്റിവിറ്റി/ഡൊമിസൈൽ സർട്ടിഫിക്കറ്റ് നൽകുന്നത് ജീവിതകാലത്തേക്കാണ്. എന്നാൽ ഇ-സേവനം മുഖേന സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് പരാമർശം (3) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവിന് അനുബന്ധമായി ചേർത്തിട്ടുള്ള നേറ്റിവിറ്റി, ഡൊമിസൈൽ സർട്ടിഫിക്കറ്റുകൾക്കുള്ള ഫോർമാറ്റിൽ സർട്ടിഫിക്കറ്റ് 'ഏത് ആവശ്യത്തിന് നൽകുന്നു' എന്ന കോളം ഉള്ളതിനാൽ ആവശ്യം രേഖപ്പെടുത്തി നൽകുന്ന സർട്ടിഫിക്കറ്റ് പ്രസ്തുത ആവശ്യത്തിനു വേണ്ടി മാത്രമേ ഉപയോഗിയ്ക്കാൻ സാധിയ്ക്കുകയുള്ളൂ എന്ന കാര്യം പരാമർശം (4) പ്രകാരം ലാൻഡ് റവന്യൂ കമ്മിഷണർ സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്തുകയും പ്രസ്തുത ഫോർമാറ്റിൽ നിന്നും 'ഏത് ആവശ്യത്തിന് നൽകുന്നു' എന്ന കോളം ഒഴിവാക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പരാമർശം (1), (2) സർക്കാർ ഉത്തരവുകളുടെ ഉദ്ദേശ്യം പൂർണ്ണമായി നടപ്പിൽ വരുത്തുന്നതിനായി പരാമർശം (3) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവിന് അനുബന്ധമായി ചേർത്തിട്ടുള്ള നേറ്റിവിറ്റി, ഡൊമിസൈൽ സർട്ടിഫിക്കറ്റുകൾക്കുള്ള ഫോർമാറ്റിൽ നിന്നും 'ഏത് ആവശ്യത്തിന് നൽകുന്നു' എന്ന കോളം ഒഴിവാക്കണമെന്ന നിർദ്ദേശം വിവരസാങ്കേതികവിദ്യാ വകുപ്പിന് നൽകി സർക്കാർ ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**പി.എച്ച്.കുര്യൻ**
പ്രിൻസിപ്പൽ സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മിഷണർ, തിരുവനന്തപുരം
വിവരസാങ്കേതികവിദ്യാ വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**